ഇ.എസ്.ഐ. ഡിസ്പെൻസറി

263 (959) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടിയിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നത് സംബന്ധിച്ച് 2010 മുതലുള്ള നിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പ് അനുകൂല തീരുമാനമെടുക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊണ്ടോട്ടിയടക്കം അഞ്ച് സ്ഥലങ്ങളിൽ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള അനുമതി ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിയതിനാലും ഇതിന്റെ ഫണ്ട് ഭൂരിഭാഗവും കേന്ദ്രഫണ്ട് ആയതിനാലും ധനകാര്യ വകുപ്പിനെ വസ്തുത ബോധ്യപ്പെടുത്തി അനുമതി നേടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത സാമ്പത്തിക വർഷം പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

ആർ.എസ്.ബി.വൈ. പദ്ധതി

264 (960) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എസ്.ബി.വൈ. പദ്ധതിയിൻ കീഴിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളാണ് ഉൾപ്പെട്ടിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്രപേർക്ക് എത്ര തുകയുടെ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമായി ;

(സി) ഒറ്റപ്പാലം താലൂക്കാശുപത്രി ഉൾപ്പെടെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിൽ ആർ.എസ്.ബി.വൈ. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 20,493 പേർക്ക് 7,08,60,417 രൂപയുടെ ഇൻഷുറൻസ് ആനുകൂല്യം നല്കിയിട്ടുണ്ട്.

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ആർ.എസ്.ബി.വൈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം.
2. സെവൻത് ഡേ അഡ് വെൻടിസ്റ്റ് ആശുപത്രി, കാഞ്ഞിയംപുറം.
3. കേരള മെഡിക്കൽ കോളേജ് (പ്രൊപ്പോസ്ഡ്) മാങ്കോട്.

പട്ടികജാതി പിന്നോക്ക സമുദായ രോഗികൾക്ക് സാമ്പത്തിക സഹായം

265 (962) ശ്രീ.കോവൂർ കുഞ്ഞുമോൻ :

ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പിന്നോക്ക സമുദായക്ഷേമ വകുപ്പിൽനിന്നും രോഗികൾക്ക് നൽകുന്ന സാമ്പത്തിക സഹായം എത്രയാണ് ;

(ബി) ഇതിനായുള്ള അപേക്ഷാ ഫോറത്തിന്റെ മാതൃക ലഭ്യമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും മാരകമായ രോഗങ്ങൾ ബാധിച്ചവരുമായ 50,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി 50,000 രൂപ വരെ നൽകിവരുന്നു. കൂടാതെ ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, ക്യാൻസർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ ബന്ധപ്പെട്ട രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രി മേലധികാരിയ്ക്ക് നേരിട്ട് നൽകുന്നു.

(ബി) മാതൃക ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly